(ബി) ടെൻഡർ ക്ഷണിച്ചപ്പോൾ താഴെപറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നു.

1. റോഡ് നിർമ്മാണവും സൈഡ് പ്രൊട്ടക്ഷൻ വർക്കും.
2. ഒരു മീറ്റർ സ്പാൻ ഉള്ള 5 കലുങ്കുകളുടെ നിർമ്മാണം.
3. റോഡ് ടാർ പ്രവൃത്തി.
4. ഓവ്ചാൽ നിർമ്മാണം.
5. കിലോമീറ്റർ സ്റ്റോൺ, ഗാഡ് സ്റ്റോൺ നിർമ്മാണം.

28,34,337 രൂപയുടെ ടെൻഡർ ആയിരുന്നു.

(സി) എഗ്രിമെന്റ് പ്രകാരം പ്രവൃത്തി 25-3-1995-ന് മുൻപേ തീർക്കേണ്ടതായിരുന്നു. എന്നാൽ സ്ഥലം സമയത്ത് ലഭിക്കാതിരുന്നതിനാൽ കരാറുകാരന് പ്രവൃത്തി തീർക്കാൻ കഴിഞ്ഞില്ല. 31-1-1997 വരെ പ്രവൃത്തി തീർക്കാനുള്ള സമയം അനുവദിച്ചുകൊടുത്തു എങ്കിലും മെറ്റലിംഗ് പ്രവൃത്തി പൂർത്തിയാക്കിയതല്ലാതെ തുടർന്നുള്ള പ്രവർത്തി പൂർത്തിയാക്കിയില്ല. പലവട്ടം കരാറുകാരന് നോട്ടീസ് നൽകിയെങ്കിലും കാരാറുകാരൻ പ്രവൃത്തി തീർക്കാത്തതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓർഡർ നമ്പർ ഡി 4-5658/93 തീയതി 21-4-1999 പ്രകാരം റിസ്ക് ആന്റ് കോസ്റ്റിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്തു കരാറുകാരന് കൊടുക്കുവാനുള്ള പണം തടഞ്ഞു വച്ചു. ഇതിനെതിരെ കരാറുകാരൻ കോടതിയെ സമീപിക്കുകയും അയാൾക്ക് അനുകൂലമായവിധി (ജഡ്ജ്മെന്റ് തീയതി 23-11-1999 പ്രകാരം) സമ്പാദിക്കുകയും ചെയ്തു. (ഒ.പി. 10088/99/എ) ഈ വിധിക്കെതിരെ അപ്പീൽ നൽകേണ്ടതുണ്ടോ എന്ന് ഗവൺമെന്റ് പ്ലീഡറിൽ നിന്നും ഉപദേശം ലഭിക്കേണ്ടിയിരിക്കുന്നു.

(ഡി) ഉണ്ട്. ചേമഞ്ചേരി പഞ്ചായത്തിലെ മുസ്ലീം യൂത്ത് ലീഗിന്റെ ആഭിമുഖ്യത്തിൽ 9-2-2000 രാവിലെ 10.30-ന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസിന്റെ മുന്നിൽ കൂട്ട ധർണ്ണ നടത്തുമെന്നുള്ള നോട്ടീസ് ലഭിച്ചിരുന്നു.

(ഇ) ഗവൺമെന്റ് പ്ലീഡറിൽ നിന്നും ലഭിക്കുന്ന നിർദ്ദേശ പ്രകാരം ബാക്കി പണികൾ തുടങ്ങാവുന്നതാണ്.

കണ്ണൂർ-തലശ്ശേരി-മാഹി ബൈപാസ് റോഡ് നിർമ്മാണം

81 (3722) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച്. 17-ൽ കണ്ണൂർ - തലശ്ശേരി മാഹി ബൈപ്പാസ് റോഡിന്റെ നിർമ്മാണം വൈകുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ബി) ഈ റോഡ് നിർമ്മാണത്തിനു വേണ്ടി ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതിക്കായി കാത്തിരിക്കുന്നു.

(ബി) തലശ്ശേരി-മാഹി ബൈപാസിന്റെ നിർമ്മാണം രണ്ട് ഘട്ടമായിട്ടാണ് ചെയ്യുവാൻ ഉദ്ദേശ്യം. അതിൽ ഒന്നാംഘട്ടമായി കി. മീ. 0/00 മുതൽ 7/140 വരെയുള്ള ഭാഗങ്ങളിൽ സ്ഥലമെടുപ്പു ജോലി പൂർത്തിയായി. ഒന്നാംഘട്ടത്തിൽ കി. മീറ്റർ 0/000 മുതൽ 4/150 വരെയുള്ള ഭാഗങ്ങളിലെ റോഡ് പണിക്കും അതിനുള്ളിൽ വരുന്ന രണ്ട് പാലങ്ങളുടെയും (ധർമ്മടം-അഞ്ചരക്കണ്ടി) പണികൾക്കും വേണ്ടി കേന്ദ്ര ഗവൺമെന്റ് 1999-2000-ലെ വാർഷിക പ്ലാനിൽ 24 കോടി രൂപ ഉൾപ്പെടുത്തിയതനുസരിച്ച് 4150 മീറ്റർ റോഡുപണിക്കും, ധർമ്മടം, അഞ്ചരക്കണ്ടി എന്നീ പാലങ്ങൾ പണിയുന്നതിനും വേണ്ടി 37.1 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി കേന്ദ്ര ഉപരിതലമന്ത്രാലയത്തിന് സമർപ്പിച്ചു. എന്നാൽ നിർദ്ദിഷ്ടപദ്ധതി ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നടപ്പാക്കുന്നകാര്യം പര്യാലോചിക്കുന്നതിനാൽ ഇത് സംബന്ധിച്ച് തൽക്കാലം തീരുമാനം കൊക്കൊള്ളുന്നില്ല എന്ന വിവരമാണ് കേന്ദ്ര ഉപരിതല മന്ത്രാലയം നൽകിയിട്ടുള്ളത്. രണ്ടാംഘട്ടം പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് 468.4 കോടി രൂപയുടെ അനുമതി ലഭിച്ചു. നടപടികൾ ആരംഭിക്കുകയും ചെയ്തു.

(സി) കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ഏറ്റെടുക്കുന്നതാണ്.

കടമാൻകുളം ആശുപത്രിപ്പടി-ഞാലിക്കണ്ടം റോഡിന്റെ നിർമ്മാണ ജോലികൾ

82 (3723) ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ഡിവിഷനുകീഴിൽ മല്ലപ്പള്ളി സെക്ഷനിൽപ്പെടുന്ന കടമാൻകുളം ആശുപത്രിപ്പടി-ഞാലിക്കണ്ടം റോഡിന്റെ നിർമ്മാണ ജോലികൾ ടെൻഡർ ചെയ്യുമ്പോൾ ഉള്ള എസ്റ്റിമേറ്റ് തുക എത്രയാണ് ;

(ബി) അതിൽ എത്ര ശതമാനം ഉയർത്തിയാണ് ടെൻഡർ നൽകിയിരിക്കുന്നത് ; ആർക്കാണ് കരാർ നൽകിയിട്ടുള്ളത് ;

(സി) കരാറുകാരൻ എഗ്രിമെന്റുവച്ച് പണി ആരംഭിച്ച ശേഷം എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ടാറിംഗ് ജോലി കരാറുകാരന് ഒഴിവാക്കിക്കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഡി) പിന്നീട് ഈ ഒഴിവാക്കിയ ടാറിംഗ് ജോലി പ്രത്യേക വർക്കായി സ്വീകരിച്ചു നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ തുക എത്രയാണ് ; ആരാണ് കരാറുകാരൻ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly